## കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ വേതനം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (സാധാ) നം.109/2017/തസ്വഭവ. തിരുവനന്തപുരം, തീയതി, 13.01.2017.

പരാമർശം:- 1. 26.02.2016 ലെ സ.ഉ.(പി) നം. 28/2016/ഫിൻ നമ്പർ ഉത്തരവ്.
2. ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ നിവേദനം.

## ഉത്തരവ്

പരാമർശം 1 – ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ വേതനം വർദ്ധിപ്പിച്ച് നൽകണമെന്നാവശ്യപ്പെട്ട് ഗ്രാമപഞ്ചായത്തുകളിൽ സേവനം അനുഷ്ഠിക്കുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാർ നിവേദനം സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാരെ പരാമർശം 1 ഉത്തരവിലെ കാറ്റഗറി IV -ൽ ഉൾപ്പെടുത്തി അവരുടെ പ്രതിമാസവേതനം 20,000/- രൂപ (ഇരുപതിനായിരം രൂപ മാത്രം) ആയി വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),

കെ.എസ്. ബിന്ദു
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ